**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1760** **05-07-2022 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ജെൻഡർ സമൂഹത്തിന് പൊതുഇടങ്ങളിൽ തുല്യനീതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ്** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതു ഇടങ്ങളിൽ ട്രാൻസ്ജെൻഡറുകൾ പല രീതിയിലുള്ള വിവേചനങ്ങൾ നേരിടേണ്ടി വരുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ട്രാൻസ്ജെൻഡർ സമൂഹത്തിന് പൊതുഇടങ്ങളിൽ തുല്യനീതി ഉറപ്പാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ട്രാൻസ്ജെൻഡർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുവാനും അതുവഴി സാമൂഹികമായും സാംസ്കാരികമായും സാമ്പത്തികമായുമുള്ള ഉന്നമനം കൈവരിക്കാനും അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം വെച്ച് കൊണ്ട് സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിലുള്ള "മഴവില്ല്" എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. ട്രാൻസ്ജൻഡർ സമൂഹത്തിന് പൊതുഇടങ്ങളിൽ തുല്യനീതി ഉറപ്പാക്കുന്നതിനും ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിടുന്ന വിവേചനങ്ങളും, മനുഷ്യാവകാശ ലംഘനങ്ങൾക്കും പരിഹാരം കാണുന്നതിനും തുല്യ അവകാശങ്ങളും ഉറപ്പുവരുത്തുന്നതിനും സമൂഹനിർമ്മാണ പ്രക്രിയയുടെ ഭാഗമായി പ്രവർത്തിയ്ക്കുന്ന വിവിധ വിഭാഗം സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, മറ്റു വിഭാഗങ്ങൾ എന്നിവർക്ക് ട്രാൻസ്ജെൻഡർ വിഷയവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്. സംസ്ഥാനത്തെ ട്രാൻസ്ജെൻഡർമാർക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ട്രാൻസ്ജൻഡർ ഹെൽപ് ലൈൻ(24X7) പ്രവർത്തിച്ചു വരുന്നുണ്ട്. ട്രാൻസ്ജെൻഡർ |

| | | | |
|---|---|---|---|
| | | | വ്യക്തികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ കാര്യക്ഷമമായി ക്രോഡീകരിക്കാനും, വേണ്ടതരത്തിൽ നിയമനടപടികൾ കൈക്കൊള്ളാനും പോലീസിന്റെ സേവനം അത്യാവശ്യമായിടത്ത് എത്തിക്കുവാനും ഇതുവഴി സാധിക്കുന്നതാണ്. |
| (സി) | കലൂർ മെട്രോ സ്റ്റേഷനിലേക്ക് പോകുകയായിരുന്ന കറുത്ത വസ്ത്രം ധരിച്ച രണ്ട് ട്രാൻസ്ജെൻഡറുകളെ പോലീസ് തടയുകയും ബലംപ്രയോഗിച്ച് അറസ്റ്റ് ചെയ്യുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (സി) | കലൂർ മെട്രോ സ്റ്റേഷനിലുള്ള കാൻസർ റിസർച്ച് ലാബിന്റെ ഉദ്ഘാടനത്തോട് അനുബന്ധിച്ച് അതീവ സുരക്ഷ നൽകേണ്ട Z Plus കാറ്റഗറിയിലുള്ള മുഖ്യമന്ത്രി പങ്കെടുത്ത ചടങ്ങിൽ തള്ളിക്കയറാൻ ശ്രമിച്ച രണ്ട് ട്രാൻസ്ജെൻഡർ വ്യക്തികളെ സുരക്ഷയുടെ ഭാഗമായി 151 Cr.PC പ്രകാരം നിയമാനുസരണം മുൻകരുതൽ അറസ്റ്റ് ചെയ്ത് യഥാസമയം സ്ഥലത്തു നിന്ന് നീക്കം ചെയ്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥർ നിയമപരമായ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. |
| (ഡി) | ഇഷ്ടമുള്ള നിറത്തിലുള്ള വസ്ത്രം ധരിക്കാൻ ഭരണഘടന നൽകുന്ന സ്വാതന്ത്ര്യത്തിൻമേലുള്ള കടന്നുകയറ്റമായ ഇത്തരം സംഭവങ്ങളിലൂടെ ട്രാൻസ്ജെൻഡർ വ്യക്തിത്വങ്ങൾ പൊതുസമൂഹത്തിൽ അവഹേളിക്കപ്പെടുന്നത് ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | ഏതെങ്കിലും പ്രത്യേക ഉത്തരവ് / നിയമ പ്രകാരം ഡ്രസ്സ് കോഡ് നിഷ്കർഷിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലൊഴികെ ഇഷ്ടമുള്ള നിറത്തിലുള്ള വസ്ത്രം ധരിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിന്മേൽ നിയന്ത്രണങ്ങളൊന്നും നിലവിലില്ല. മാത്രവുമല്ല സ.ഉ (കൈ) നം 61 /2015/സാനീവ തീയതി 22.09.2015 പ്രകാരം അംഗീകാരം നൽകിയ സംസ്ഥാനത്തിന്റെ ട്രാൻസ്ജെൻഡർ നയത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരവരുടെ ഇഷ്ടപ്രകാരമുള്ള വസ്ത്രം ധരിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിന് ഊന്നൽ നൽകുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ